അഞ്ചൽ വകുപ്പ്

*൧൭൪. (൧൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽവകുപ്പ് പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ട്മെണ്ടിൽ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) അഞ്ചൽനിരക്ക് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ), (ബി), (സി) അഞ്ചൽവകുപ്പ് എജൻസി മാറി അടുത്തുതന്നെ ഇൻഡ്യാ ഗവണ്മെണ്ട് ഏറെടുക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

വ്യവസായപരിഷ്കരണം

*൧൭൫. (൧൫൪) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) ഈ സംസ്ഥാനത്തിലെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തക്കവണ്ണം ഇവിടത്തെ വ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനതകത്തക്ക എന്തെങ്കിലും പദ്ധതിയോ നയമോ ഗവണ്മെണ്ടിനുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതെന്താണെന്നു പ്രസ്താവിക്കുമോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉണ്ട്.

(ബി) വ്യവസായശാലകൾ സ്ഥാപിച്ചും കമ്പനികളിൽ ഷെയർ എടുത്തും, വ്യവസായവായ്പകൾ കൊടുത്തും, വിദഗ്ദ്ധോപദേശം നൽകിയും മറ്റും ഗവണ്മെണ്ട് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

PROHIBITION

*177. [22] **Sri. A. M. Thomas:** Will the Hon'ble Minister for Industries, Excise and Local Self-Government be pleased to state.—

(*a*) does the Government intend to extend prohibition to other territories in in the State; and

(b) if so, to what all regions?

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):**

(*a*) and (*b*) Prohibition will be extended by stages to the whole State.

RAILWAY FROM TRICHUR TO KOLLENGODE

*178. [23] **Sri. A. M. Thomas:** Will the Hon'ble Minister for Public Works and Communication be pleased to state.—

(*a*) has there been a survey for the purpose of extending railway connection from Trichur to Kollengode;

(*b*) if so, when has it been completed;

(*c*) has the Government any information whether the work will be taken up in the near future?

Minister for Public Works, Communications & Agriculture **(Sri. E. John Philipose):** (*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly